## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5306** — **31.10.2016-ൽ മറുപടിക്ക്**

### അനുമതിയില്ലാതെ നടത്തുന്ന ആയുധ പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എം. രാജഗോപാലൻ | | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.എസ്. എസ്. - ബി.ജെ.പി. സംഘടനകളുടെ കേന്ദ്രനേതാക്കൾ സംസ്ഥാനത്ത് എത്തി തങ്ങൾ ആക്രമിക്കപ്പെടുകയാണെന്ന് പ്രചരണം നടത്തിയെന്നും ഈ സംഘടനകളുടെ ലേബലിൽ കണ്ണൂരും, തിരുവനന്തപുരത്തും പരിശീലനം നേടിയ ഗുണ്ടാസംഘങ്ങളെ ഉപയോഗിച്ച് കൊലപാതകവും അക്രമങ്ങളും വ്യാപിപ്പിച്ചിരിക്കുന്നത് നിയന്ത്രിക്കാൻ പോലീസ് സേനയ്ക്ക് കഴിയാതെ പോയി എന്നുമുള്ള ആക്ഷേപങ്ങളുടെ കാരണങ്ങൾ അവലോകനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത സംഘടനകൾ വൻതോതിൽ ആയുധം ശേഖരിച്ചതിന്റെ തെളിവുകൾ പുറത്തുവന്നിട്ടും ഇത്തരക്കാരെയും അവർക്കിടയിലുള്ള ഗൂഡാലോചനക്കാരെയും നിയമത്തിനുമുന്നിൽ കോണ്ടുവരാൻ പോലീസിന് സാധിക്കാതെ പോയത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത സംഘടനകൾ ആയുധങ്ങൾ ശേഖരിച്ചതുമായി ബന്ധപ്പെട്ട് തെളിവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | ആയുധ പരിശീലനം നടത്തുന്നതിന് പോലീസ് അനുമതി ആവശ്യമുണ്ടോ; എങ്കിൽ ശാഖകളെന്ന പേരിൽ വിവിധ സ്ഥലങ്ങളിൽ പോലീസിന്റെ അനുമതിയില്ലാതെ നടത്തുന്ന ആയുധ പരിശീലനം നിർത്തലാക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ? | (സി) | ആയുധ പരിശീലനം നടത്തുന്നതിന് പോലീസിന്റെ അനുമതി ആവശ്യമാണ്. പോലീസിന്റെ അനുമതിയില്ലാതെ ആയുധ പരിശീലനം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**